(സി) ഈയിനത്തിൽ നഗരസഭകളും പഞ്ചായത്തുകളും എന്ത് തുക ലൈബ്രറി കൗൺസിലിന് നൽകാനുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 5% (അഞ്ചു ശതമാനം)

(ബി) കൈമാറുകയാണ് പതിവ്.

(സി) വിവരം ശേഖരിച്ചുവരുന്നു.

കോർപ്പറേഷനുകളിൽ ഖരമാലിന്യ സംസ്കരണത്തിന് പ്രത്യേക പ്രോജക്ടുകൾ

227 [3199] *ശ്രീ. പിരപ്പൻകോട് മുരളി:*
„ *എ. സി. മൊയ്തീൻ:*
„ *മത്തായി ചാക്കോ:*
„ *സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോർപ്പറേഷനുകളിൽ ഖരമാലിന്യ സംസ്കരണത്തിന് പ്രത്യേക പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ ഫലമായി കോർപ്പറേഷനുകളിലെ ഖരമാലിന്യങ്ങൾ പൂർണ്ണമായും സംസ്കരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് സമതുലിതവും സമഗ്രവുമായ വളം ഉപയോഗം എന്ന പേരിലുള്ള പരിപാടി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; ഈ പരിപാടി നടപ്പാക്കിയതിന് കേന്ദ്രത്തിൽനിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ;

(എഫ്) തിരുവനന്തപുരം വിളപ്പിൽശാലയിൽ സ്ഥാപിച്ച ഖരമാലിന്യ സംസ്കരണ പ്ലാന്റിന് കേന്ദ്രത്തിൽനിന്നും ധനകാര്യപ്രോത്സാഹനമായി ലഭിച്ച തുകയിൽ എന്തു തുക നൽകി;

LIBRARY ARCHIVES Kerala Legislative Assembly

(ജി) മുടക്കുന്ന മുഴുവൻ മുതൽ അനുയോജ്യമായ പലിശയും ലാഭവും ചേർത്ത് തിരിച്ചുപിടിക്കുമെന്ന് വ്യവസ്ഥയുള്ള ബൂം (BOOM) കരാർ വെച്ചിട്ടുള്ള ഈ സ്ഥാപനത്തിന് 40 ലക്ഷം രൂപ നൽകിയത് ക്രമവിരുദ്ധമാണെന്ന സി. ആന്റ് എ. ജി. യുടെ വെളിപ്പെടുത്തൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) — (സി) ഉണ്ട്. തിരുവനന്തപുരം നഗരസഭ ഖരമാലിന്യ സംസ്കരണത്തിനായി വിളപ്പിൽശാലയിൽ ആധുനിക രീതിയിലുള്ള ജൈവവള നിർമ്മാണഫാക്ടറി സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. ഇതിന്റെ ഫലമായി തിരുവനന്തപുരം കോർപ്പറേഷൻ പ്രദേശത്തെ മുഴുവൻ ഖരമാലിന്യങ്ങളും സംസ്കരിക്കുവാൻ കഴിയുന്നുണ്ട്. എ. ഡി. ബി. സംവിധാനത്തോടെ സംസ്ഥാനത്തെ അഞ്ച് കോർപ്പറേഷനുകളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന കേരള സുസ്ഥിര വികസന പദ്ധതിയിൽ ഖരമാലിന്യ നിർമ്മാർജ്ജനവും ഉൾപ്പെടുന്നു. ഇതിന്റെ അന്തിമതീരുമാനമായിട്ടില്ല.

(ഡി) & (ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) 40 ലക്ഷം രൂപ.

(ജി) ഉണ്ട്. തിരുവനന്തപുരം നഗരസഭ മെ. പോബ്സ് മുഖേനയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ആയതിലേക്ക് നഗരസഭയും മെ. പോബ്സും ഒരു എഗ്രിമെന്റിൽ ഏർപ്പെടുകയും അതിലെ ഒരു വ്യവസ്ഥ അനുസരിച്ചാണ് മേൽനടപടി സ്വീകരിച്ചത്. അഗ്രികൾച്ചറൽ ഡയറക്ടറുമായി തിരുവനന്തപുരം നഗരസഭ 16-2-2004-ൽ വെച്ച എഗ്രിമെന്റ് അനുസരിച്ചാണ് മെ. പോബ്സിന് തുക നൽകിയിട്ടുള്ളത്.

തലസ്ഥാന നഗരിയിൽ തെരുവ് നായ്ക്കളുടെ ശല്യത്തിന് പരിഹാരം

228 [3200] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിൽ തെരുവ് നായ്ക്കളുടെ ശല്യം വർദ്ധിച്ച കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന് നഗരസഭ പരിഹാരം ഉണ്ടാക്കുമെന്ന് ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് പേപ്പട്ടിവിഷ ചികിത്സയ്ക്കുള്ള മരുന്ന് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും മറ്റ് ചികിത്സാ കേന്ദ്രങ്ങളിലും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly